**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 3574**

**20.06.2019 ൽ**
**മറുപടിക്ക്**

## കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കരുനാഗപ്പള്ളി നഗരത്തിൽ നിരന്തരമുണ്ടകുന്ന ഗതാഗത കരുക്കും പ്രതിദിനം വർദ്ധിച്ചുവരുന്ന അപകടങ്ങളുടെ നിരക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) ഉണ്ട്. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ 2016, 2017, 2018 വർഷങ്ങളിൽ യഥാക്രമം 232, 210, 250 വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്. |
| ബി) ഇവിടെ ഗതാഗതം നിയന്ത്രിക്കുന്നതിനും വാഹനാപകടക്കേസുകൾ കൈകാര്യം ചെയ്യുന്നതിനുമായി പോലീസ് സ്റ്റേഷനിൽ പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) ഇല്ല. തിരക്കേറിയ സമയങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ, ഹോം ഗാർഡ്, ട്രാഫിക് വാർഡൻ എന്നിവരെ നിയോഗിച്ച് ഗതാഗതം നിയന്ത്രിച്ചു വരുന്നു. |
| സി) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | സി) സംസ്ഥാനത്തെ ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല അതാത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റിക്കൊണ്ടും ട്രാഫിക് യൂണിറ്റുകളും, ട്രാഫിക് പോലീസ് സ്റ്റേഷനുകളും, ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തു കൊണ്ടും 14.07.2018 തീയതിയിലെ സ.ഉ. (കൈ) നം.116/2018/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കരുനാഗപ്പള്ളിയിൽ പുതിയതായി ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ